## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012, 2012-2013 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3- പ്രകാരം ആഡിറ്റ് തടസ്സപ്പെട്ടുത്തിയ ചെലവിന് സാധൂകരണം നൽകിയും ഖണ്ഡിക 3-15 സംബന്ധിച്ച സാധൂകരണാപേക്ഷ നിരസിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.2051/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 01/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/10/2015-ലെ എം3-34424/2015 നമ്പർ കത്തും, 03/10/2015 തീയതിയിലെ എം3-32509/15 നമ്പർ കത്തും.

2) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയരക്ടറുടെ 16/03/2016 ലെ കെ.എസ്.എ.14114/പിറ്റി1/2015 നമ്പർ കത്തും, 29/03/2016-ലെ കെ.എസ്.എ 14105/പിറ്റി1/2015 നമ്പർ കത്തും.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012, 2012-2013 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം ആയുർവ്വേദ ആശുപത്രിയിലെ അറ്റന്റർമാർക്ക് ദിവസവേതനം നൽകുന്നതിനായി ആരോഗ്യവകുപ്പിന്റെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പരിധികവിഞ്ഞ് അധികം ചെലവുചെയ്ത 29,400/-രൂപ (ഇരുപത്തിയൊമ്പതിനായിരത്തി നാനൂറ് രൂപ മാത്രം) ആഡിറ്റ് തടസ്സപ്പെടുകയും പ്രസ്തുത തുക സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഖണ്ഡിക 3-15 പ്രകാരം "സൗജന്യനേത്ര പരിശോധന ക്യാമ്പും കണ്ണടവിതരണവും" എന്ന പദ്ധതിയനുസരിച്ച് റോഡിതര സംരക്ഷിത ഗ്രാന്റ് ഉപയോഗിച്ച് ചെലവു ചെയ്ത 39,330/- (മുപ്പത്തി ഒമ്പതിനായിരത്തി മുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെട്ടുത്തിയിരുന്നു. സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ചെയ്ത ചെലവിന്, സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിക്കാത്തതിനാലാണ് ഓഡിറ്റ് തടസ്സം വന്നിട്ടുള്ളത്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 06/06/2015 ലെ V-31-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, 06/06/2015 ലെ V-32-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 3-3, 3-15 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയുർവ്വേദ ആശുപത്രിയിലെ അറ്റന്റർമാർക്ക് ദിവസവേതനം നൽകുന്നതിനായി ആരോഗ്യവകുപ്പിന്റെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പരിധികവിഞ്ഞ് 29,400/-രൂപ (ഇരുപത്തിയൊമ്പതിനായിരത്തി നാനൂറ് രൂപ മാത്രം) ചെലവഴിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 02/05/2011 ലെ ജി.ഒ(പി).204/2011/ധന. ഉത്തരവ് അനുസരിച്ചാണ് പഞ്ചായത്ത് ചെലവുചെയ്തിട്ടുള്ളത്. ആയതിനാൽ ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012, 2012-2013 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 29,400/-രൂപ(ഇരുപത്തിയൊമ്പതിനായിരത്തി നാനൂറ് രൂപ മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഖണ്ഡിക-3-15 പ്രകാരം "സൗജന്യനേത്ര പരിശോധന ക്യാമ്പും കണ്ണടവിതരണവും" എന്ന പദ്ധതിയനുസരിച്ച് റോഡിതര സംരക്ഷിത ഗ്രാന്റ്

നടപ്പിലാക്കിയത് ശരിയല്ല. പദ്ധതിരേഖകൾ ആഡിറ്റിൽ ഹാജരാക്കാത്തതു സംബന്ധിച്ച് പഞ്ചായത്ത് യാതൊരു വിശദീകരണവും നൽകിയിട്ടില്ല.ടി പദ്ധതിയനുസരിച്ച് തുക ചെലവഴിച്ചത് അനുവദനീയമല്ല. ആയതിനാൽ ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012, 2012-2013 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-15 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 39,330/- (മുപ്പത്തി ഒമ്പതിനായിരത്തി മുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപയുടെ ചെലവിനുള്ള സാധൂകരണ അപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സിദ്ധാർത്ഥൻ.എസ്,

ഡെപ്യൂട്ടിസെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, ആലപ്പുഴ
സെക്രട്ടറി, പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ